"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമായി ഒരു ട്രൈബൽ താലൂക്ക് രൂപീകരിച്ച് ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

**സ.ഉ.(സാധാ) നം.906/2021/റവ.** തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.01.2018, 18.03.2019 തീയതികളിലെ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ 192 ഊരുകളിലായി 10549 പട്ടിക വർഗ്ഗ കുടുംബങ്ങളിലായി 32614 പേർ താമസിക്കുന്നുണ്ട്. അവിടെ ഒരു ട്രൈബൽ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം വളരെ പണ്ട് മുതലെ നിലനിൽക്കുന്നതാണ്. വിവിധ പഠന റിപ്പോർട്ടുകളിലും മുൻ ചീഫ് സെക്രട്ടറി ഡോ.ബാബുപോൾ-ന്റെതുൾപ്പെടെയുള്ള ഉദ്യോഗസ്ഥതല റിപ്പോർട്ടുകളിലും അട്ടപ്പാടി പ്രദേശത്ത് താലൂക്ക് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത വിഷയം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് കാണിച്ച് ആദിവാസി ക്ഷേമ സമിതിയും ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവർ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു.

2. നിലവിൽ അട്ടപ്പാടിയിലുള്ളവർക്ക് താലൂക്കിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കണമെങ്കിൽ 60 മുതൽ 90 കിലോ മീറ്റർ വരെ സഞ്ചരിച്ച് മണ്ണാർക്കാട് താലൂക്ക് ആസ്ഥാനത്തേയ്ക്ക് വന്നാൽ മാത്രമെ കഴിയുകയുള്ളൂ. പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്രമായ പുരോഗതി കൈവരിക്കുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവരുടെ പരമ്പരാഗതമായ ജീവിത രീതിയും ശൈലിയും കാരണം ഭൂരിഭാഗം ജനങ്ങളും ഇത്രയും ദൂരം സഞ്ചരിച്ച് അപ്രകാരം അവർക്ക് ലഭിക്കേണ്ടുന്ന സേവനങ്ങൾ നേടിയെടുക്കുന്നതിന് ശ്രമിക്കുന്നില്ലായെന്നതാണ് വസ്തുത. പട്ടിക വർഗ്ഗ വിഭാഗം ഉൾപ്പെടെ പാർശ്വവൽക്കരിക്കപ്പെട്ടതും കഷ്ടത അനുഭവിക്കുന്നതുമായ ജനവിഭാഗത്തിന്റെ ഉന്നമനമെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. ആദിവാസികളെ സംബന്ധിച്ച് അവരുടെ തൊട്ടടുത്ത് തന്നെ സർക്കാർ സംവിധാനങ്ങൾ പ്രാപ്തമാക്കാൻ കഴിഞ്ഞാൽ പലതരത്തിലുമുള്ള ചൂഷണങ്ങളിൽ നിന്നും മുക്തരാക്കി അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അതുവഴി അവരെ പിന്നോക്കാവസ്ഥയിൽ നിന്നും മുന്നോക്ക അവസ്ഥയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവരുടെ സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ വളരെ വലിയ പുരോഗതി കൈവരിക്കുന്നതിനും അവരവരുടെ ഭൂമി സംബന്ധിച്ച പ്രശ്നവും പാർപ്പിട പ്രശ്നവും പരിഹരിക്കാനും കഴിയും.

3. പ്രസ്തുത ട്രൈബൽ താലൂക്ക് രൂപീകരിക്കുന്നതിന് ആവശ്യമായി വരുന്ന താഴെ പറയുന്ന 22 തസ്തികകൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്തുകൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

| തസ്തിക | എണ്ണം |
|---|---|
| തഹസീൽദാർ | 1 |
| തഹസിൽദാർ (എൽ.ആർ) | 1 |
| ഡെപ്യൂട്ടി തഹസീൽദാർ | 4 |
| റവന്യൂ ഇൻസ്പെക്ടർ / ഹെഡ് ക്ലാർക്ക് | 1 |
| സീനിയർ ക്ലാർക്ക് | 4 |
| ക്ലാർക്ക് | 4 |

Scanned with CamScanner

| | |
|---|---|
| ടൈപ്പിസ്റ്റ് | 1 |
| ആഫീസ് അറ്റൻഡന്റ് | 2 |
| പി . റ്റി . എസ് | 1 |
| ഹെഡ് സർവ്വെയർ | 1 |
| സർവ്വെയർ | 1 |
| ഡ്രൈവർ കം ആഫീസ് അറ്റൻഡന്റ് | 1 |
| **ആകെ** | **22** |

4. കൂടാതെ അപ്രകാരം സൃഷ്ടിക്കുന്ന തസ്തികകളിലേക്ക് അട്ടപ്പാടിയിൽ നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്ന സ്പെഷ്യൽ എൽ.എ യൂണിറ്റ് നിർത്തലാക്കി പ്രസ്തുത യൂണിറ്റിൽ നിന്നും തഹസീൽദാർ -1, ഡെപ്യൂട്ടി തഹസിൽദാർ-1, ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ-1, സീനിയർ ക്ലാർക്ക്-4, ഓഫീസ് അറ്റൻഡന്റ്-1 എന്നിങ്ങനെ 8 തസ്തികകൾ പുനക്രമീകരിച്ച് മേൽ പറഞ്ഞിരിക്കുന്ന പ്രകാരം സൃഷ്ടിക്കുന്ന തസ്തികകളിലേക്ക് നിയമിക്കാവുന്നതാണെന്നും അപ്രകാരം പുന:ക്രമീകരണം നടത്തിയതിനു ശേഷം അവശേഷിക്കുന്ന താഴെപ്പറയുന്ന 14 തസ്തികകളിലേക്ക് പുതുതായി ജീവനക്കാരെ നിയമിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

1. തഹസിൽദാർ (എൽ.ആർ) -1
2. ഡെപ്യൂട്ടി തഹസിൽദാർ-3
3. ക്ലാർക്ക്-4
4. ടൈപ്പിസ്റ്റ്-1
5. ഓഫീസ് അറ്റൻഡന്റ്-1
6. പി.റ്റി.എസ്-1
7. ഹെഡ് സർവ്വെയർ-1
8. സർവ്വെയർ-1
9. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്-1

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമായി ഒരു ട്രൈബൽ താലൂക്ക് രൂപീകരിച്ചും അതിനായി മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള 14 തസ്തികകൾ സൃഷ്ടിച്ചും ഇതിനാൽ ഉത്തരവാകുന്നു.

6. പാലക്കാട് ജില്ലയിൽ പ്രവർത്തിച്ച് വരുന്ന സ്പെഷ്യൽ എൽ.എ യൂണിറ്റ് നിർത്തലാക്കി അതിൽ നിന്നും 8 തസ്തികകൾ പ്രസ്തുത ട്രൈബൽ താലൂക്കിലേയ്ക്ക് പുന:ക്രമീകരിക്കുന്ന കാര്യത്തിൽ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൂടാതെ അട്ടപ്പാടി ട്രൈബൽ താലൂക്കിന് കീഴിൽ വരുന്ന വില്ലേജുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pushpavally B
Date: 2021.02.22 13:55:13 IST
Reason: Approved

സെക്ഷൻ ഓഫീസർ

Scanned with CamScanner